(സി) ഈ പശ്ചാത്തലത്തിൽ ടി സഹകരണം മറികടക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ഒരു സർവ്വകക്ഷി സംഘത്തെ അയക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിക്ഷേപങ്ങളുടെ പലിശ ഇനത്തിൽ ഒരു സാമ്പത്തിക വർഷം 10,000 രൂപയോ അതിലധികമോ നൽകിയിട്ടുള്ള സഹകരണ ബാങ്കുകൾ ആദായ നികുതി ഈടാക്കണമെന്ന ആദായ നികുതി നിയമത്തിലെ വ്യവസ്ഥ നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുകയും സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നിക്ഷേപം പിൻവലിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ സംഘങ്ങൾ/ബാങ്കുകൾക്ക് ദോഷകരമാകുമോ എന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായനികുതി നിയമം വകുപ്പ് 194(എ)യിൽ വന്ന ഭേദഗതി പ്രകാരം 2015 ജൂൺ 1 മുതൽ പ്രസ്തുത വ്യവസ്ഥ നിലവിൽ വരികയുണ്ടായി. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത സഹകരണ സംഘങ്ങൾ, അംഗങ്ങളുടെ നിക്ഷേപങ്ങൾക്കുനൽകുന്ന പലിശയ്ക്ക് ആദായനികുതി ഈടാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) രാജ്യത്തൊട്ടാകെ സഹകരണ ബാങ്കുകൾക്കും പോസ്റ്റോഫീസ് ഉൾപ്പെടെ എല്ലാ ബാങ്കുകൾക്കും ബാധകമായ പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കുകകൊണ്ടുമാത്രം സഹകരണ ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തന രഹിതവുമാകുന്ന സ്ഥിതിവിശേഷം സംജാതമാകുമെന്ന് കരുതുന്നില്ല എന്നാൽ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് സഹകരണ മേഖലയ്ക്ക് ആശങ്കയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായ നികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽനിന്നും ആദായ നികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയം പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി.- മാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ഇതോടൊപ്പമെന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബിൽ കളക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

87 (3241) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ബിൽ കളക്ടർമാരായി പ്രവർത്തിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവരുടെ സേവന വേതന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) ബിൽ കളക്ടർമാരുടെ സേവന വേതന വ്യവസ്ഥ, തൊഴിൽ സ്വഭാവം എന്നിവയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീ.ശ്രീരാമാട് രാജശേഖരൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം പ്രസിദ്ധീകരിക്കുമോ; അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് പറയാൻ കഴിയുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിലും പല പ്രാഥമിക സഹകരണ ബാങ്കുകളിലും ബിൽ കളക്ടർമാരുടെ സ്ഥിരം തസ്തിക നിലവിലുണ്ട്. എന്നാൽ വായ്പാ സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ നിക്ഷേപ/വായ്പാ പിരിവുകാരായി സേവനമനുഷ്ഠിച്ചവരിൽ ആറുമാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ളവരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാറുടെ 13-4-2005-ലെ 10/2005 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെ ബിൽ കളക്ടർമാരുടെ സേവന വേതന വ്യവസ്ഥകൾ ഇതിനകം പരിഷ്കരിച്ചിട്ടുണ്ട്. പ്രാഥമിക ബാങ്കിലെ ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളിൽ സ്ഥിരം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ, തൊഴിൽ സ്വഭാവം എന്നിവയെക്കുറിച്ച് പഠിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഡ്വ. പി. എം. സുരേഷ്ബാബു ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly